പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5957 — 28.03.2018 ൽ മറുപടിയ്ക്ക്

നിത്യോപയോഗ സാധനങ്ങളുടെ വിലനിയന്ത്രണ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.എ.പി. അനിൽ കുമാർ<br>ശ്രീ.അനിൽ അക്കര<br>ശ്രീ.ഷാഫി പറമ്പിൽ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി ഉയർന്ന സാഹചര്യത്തിൽ ജനങ്ങൾക്ക് ആശ്വാസം ലഭിക്കുന്നതിനായി സ്വീകരിച്ച നടപടികൾ ഫലവത്തായില്ല എന്ന ആക്ഷേപമുയരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (എ) സപ്ലൈകോയുടെ കാര്യക്ഷമമായ വിപണി ഇടപെടൽ വഴി നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുവാൻ സാധിച്ചിട്ടുണ്ട്. |
| (ബി) പൊതുവിപണിയിലെ അരിവില കുറയ്ക്കുന്നതിന് ആരംഭിച്ച അരിക്കടകൾ പരാജയപ്പെട്ടതായും അരിവില നിയന്ത്രിക്കുന്നതിന് കഴിയാതെ വന്നതായുമുള്ള ആക്ഷേപത്തിന്റെ നിജസ്ഥിതി വിലയിരുത്തിയിട്ടുണ്ടോ; | (ബി) പൊതുവിപണിയിലെ അരി വില നിയന്ത്രിക്കുന്നതിന് ആരംഭിച്ച അരിക്കടകൾ ഉപഭോക്താക്കൾക്ക് പ്രയോജനപ്രദമായ രീതിയിൽ പ്രവർത്തിച്ചതിന്റെ ഫലമായി അരി വില പിടിച്ചു നിർത്താൻ സാധിച്ചിട്ടുണ്ട്. |
| (സി) കമ്പോള ഇടപെടലിന് സിവിൽ സപ്ലൈസ് കോർപ്പറേഷനും കൺസ്യൂമർ ഫെഡിനും അനുവദിച്ച തുക മുൻവർഷത്തെ അപേക്ഷിച്ച് കുറഞ്ഞ സാഹചര്യത്തിൽ കമ്പോള ഇടപെടലിന് സാധിക്കാതെ വരുന്ന സാഹചര്യമുണ്ടാകുമെന്നും നിത്യോപയോഗ സാധനങ്ങളുടെ വില ഇനിയും വർദ്ധിക്കുമെന്നും കരുതുന്നുണ്ടോ; വിശദീകരിക്കാമോ? | (സി) കമ്പോള ഇടപെടലിനായി 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ 200 കോടി രൂപ വീതം സപ്ലൈകോയ്ക്ക് അനുദിച്ചിട്ടുണ്ട്. ടി തുക ഉപയോഗിച്ച് ഫലപ്രദമായ രീതിയിൽ വിപണിയിടപെടൽ വഴി നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിച്ച് പൊതുജനങ്ങൾക്ക് കുറഞ്ഞ നിരക്കിൽ സാധനങ്ങൾ ലഭ്യമാക്കി വരുന്നതിനാൽ അമിത വില വർദ്ധനവ് ഉണ്ടാകുമെന്ന് കരുതുന്നില്ല. കൂടാതെ കൺസ്യൂമർ ഫെഡ് നേരിട്ടും പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങൾ മുഖേനയും അവശ്യ വസ്തുക്കളുടെ ലഭ്യത ഉറപ്പാക്കി വിതരണ രംഗത്ത് ശക്തമായി ഇടപെടുന്നുണ്ട്. |

സെക്ഷൻ ഓഫീസർ